കേരളത്തിനെറ പദ്ധതിവിഹിതം

* 88 [130] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984-85-ലെ കേരളത്തിനെറ പദ്ധതിവിഹിതം എത്രയായിരുന്നു;

(ബി) 1985-86 ലേക്ക് കേന്ദ്രം അനുവദിച്ച പദ്ധതിവിഹിതം എത്രയാണ്;

(സി) 1984-85-ലെ പദ്ധതിയേക്കാൾ വലിയ പദ്ധതി 1985-86-ൽ നേടിയെടുക്കാൻ കഴിയാത്ത ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണെന്നുള്ള ആസൂത്രണ കമ്മീഷനെറ രൂപരേഖ സംസ്ഥാനത്തിനെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മേൽപ്പറഞ്ഞ രൂപരേഖ സംസ്ഥാനത്തിനു കിട്ടിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആ രൂപരേഖയിൽ 1985-86-ൽ ഇന്ത്യയിൽ ഓരോ സംസ്ഥാനത്തിനും കിട്ടിയ വിഹിതങ്ങൾ പറയാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 355 കോടിരൂപ.

(ബി) 355 കോടി രൂപ.

(സി) യും (ഡി) യും (ഇ) യും : ഈ രൂപരേഖ സംസ്ഥാനത്തിനെറ ശ്രദ്ധയിൽപ്പെടുകയോ ലഭിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഗുജറാത്ത്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങൾക്ക് 1985-86 ലേയ്ക്ക് അനുവദിച്ച പദ്ധതി വിഹിതം 1984-85 ലേതിനേക്കാൾ കുറവാണ്. ഓരോ സംസ്ഥാനത്തിനും 1984-85 ലേയ്ക്കും 1985-86 ലേയ്ക്കും ആസൂത്രണ കമ്മീഷൻ അനുവദിച്ച പദ്ധതി അടങ്കൽ താഴെ കാണിച്ചിരിക്കുന്ന പ്രകാരമാണ്:—

സംസ്ഥാനങ്ങൾ	പദ്ധതിവിഹിതം	
	1984-85	1985-86
	(രൂപ കോടിക്കണക്കിൽ)	
ആന്ധ്രപ്രദേശ്	1021	1044
ആസ്സാം	360	410
ബീഹാർ	751	851
ഗുജറാത്ത്	935	804
ഹരിയാന	430	480
ഹിമാചൽപ്രദേശ്	168	177
ജമ്മു-കാശ്മീർ	235	260
കർണ്ണാടകം	650	651
കേരളം	355	355
മദ്ധ്യപ്രദേശ്	1060	1170

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങൾ	പദ്ധതിവിഹിതം (തുടർച്ച)	
	1984-85	1985-86
മഹാരാഷ്ട്ര	1650	1700
മണിപ്പൂർ	61	70
മേഘാലയ	65	75
നാഗാലാൻറ്	59	65
ഒറീസ്സ	400	450
പഞ്ചാബ്	488	500
രാജസ്ഥാൻ	387	430
സിക്കിം	35	41
തമിഴ്നാട്	927	960
ത്രിപുര	68	86
ഉത്തർപ്രദേശ്	1502	1642
പശ്ചിമബംഗാൾ	748	675
ആകെ	12,355	12,896

ആദിവാസി വികസനം

* 89 [131] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി വികസനത്തിന് വനം സംരക്ഷണനിയമം തടസ്സമാകാറുണ്ടോ;

(ബി) എങ്കിൽ ഇത് ഒഴിവാക്കാൻ സർക്കാർ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ചില വികസന പ്രവർത്തനങ്ങൾക്ക് വനസംരക്ഷണനിയമം തടസ്സമാകാറുണ്ട്.

(ബി) മരം മുറിക്കേണ്ടിവരുന്ന സാഹചര്യത്തിൽ അതിന് കേന്ദ്ര ഗവൺമെൻറിൻെറ അനുവാദം സ്റേറററ് ഗവൺമെൻറ് ആവശ്യപ്പെടുന്നതാണ്.

ഭാവി ആസൂത്രണങ്ങളുടെ ലക്ഷ്യ-മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് നിയോഗിക്കപ്പെട്ട കമ്മിറ്റികൾ

* 90 [132] ശ്രീ. കെ. പി. പ്രഭാകരൻ:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:

ശ്രീ. കെ. ഇ. ഇസ്മയിൽ:

,, കെ. ആർ. ചന്ദ്രമോഹനൻ:

,, കാനം രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൻെറ സാമ്പത്തികഘടന പരിശോധിച്ച് രണ്ടായിരാമാണ്ടുവരെയുള്ള ഭാവി ആസൂത്രണങ്ങളുടെ ലക്ഷ്യവും മാർഗ്ഗവും നിർദ്ദേശിക്കുന്നതിനുവേണ്ടി ഉന്നതാധികാര കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly